# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 4872

24/07/2015-ൽ മറുപടിക്ക്

## പകർച്ചവ്യാധികൾ നിയന്ത്രിക്കാൻ നടപടി

ചോദ്യം

ശ്രീ.രാജു എബ്രഹാം

മലയോര മേഖലയിൽ ചിക്കൻ ഗുനിയ, ഡെങ്കിപ്പനി ഉൾപ്പടെയുള്ള രോഗങ്ങൾ നിയന്ത്രിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

മറുപടി

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

മലയോര മേഖലയിൽ പകർച്ചവ്യാധി പ്രതിരോധത്തിനും ചികിൽസയ്ക്കും വേണ്ടി വിവിധ വകുപ്പുകളുടെ സംയോജിത യോഗം ചേർന്നു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആരോഗ്യ പ്രവർത്തകരും, സന്നദ്ധ പ്രവർത്തകരും ആദിവാസി മേഖലകളിൽ ട്രൈബൽ പ്രമോട്ടർമാരും വീടുകൾ തോറും കയറി രോഗ പ്രതിരോധ പ്രവർത്തനങ്ങളും ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തി വരുന്നു. മാർച്ചിൽ ആരോഗ്യ സന്ദേശ യാത്ര, ഏപ്രിൽ മാസം നടത്തിയ "കൊതുകിന്റെ ഉണങ്ങിയതും പ്രധാനവുമായ ഉറവിട നശീകരണ കാമ്പെയിൻ" "പ്ലാന്റേഷൻ കാമ്പെയിൻ", മേയിൽ നടത്തിയ "ക്ലീൻ ആഫീസ്, ക്ലീൻ പബ്ലിക് പ്ലേസ് കാമ്പെയിൻ" ,"ജല ശുദ്ധീകരണ കാമ്പെയിൻ" തുടങ്ങിയവ വഴി ഇത്തരം രോഗങ്ങൾ കുറയ്ക്കുവാൻ സാധിച്ചു. കൂടാതെ ആഴ്ചതോറുമുള്ള ഡ്രൈഡേ ആചരണം, സേഫ് കേരളാ പ്രോഗ്രാം വഴി വീടുകൾ, സ്ഥാപനങ്ങൾ, തോട്ടങ്ങൾ സന്ദർശിച്ച് നടപടിയെടുക്കൽ തുടങ്ങിയവയും രോഗ നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കി. ഡെങ്കിപ്പനി, ചിക്കൻ ഗുനിയ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ കൊതുകിന്റെ

ഉറവിട നശീകരണം, സ്പ്രേയിംഗ്, ഫോഗിംഗ് തുടങ്ങിയവ നടത്തുകയുണ്ടായി. ജല ജന്യ രോഗങ്ങൾ തടയുന്നതിന് ക്ലോറിനേഷനും കുടിവെള്ള പരിശോധനകളും നടത്തി വരുന്നുണ്ട്. ആദിവാസി കോളനികളിൽ കുരങ്ങു പനിയ്ക്കെതിരെ രോഗ പ്രതിരോധ കുത്തിവെയ്പ്പ് നടത്തിയിട്ടുണ്ട്. ചെള്ള് കടിക്കാതിരിക്കുന്നതിനുള്ള ലേപനം നൽകൽ, മാലത്തിയോൺ സ്പ്രേയിംഗ് തുടങ്ങിയവയും നടത്തി വരുന്നു. കൂടാതെ, വ്യക്തി സുരക്ഷയ്ക്ക് വേണ്ടിയുള്ള സാധനങ്ങളായ ഗംബൂട്ട്, ലേപനം, കൈയ്യുറ മുതലായവ നൽകി വരുന്നു. നോട്ടീസ് വിതരണം, ബോർഡുകൾ, പോസ്റ്റർ, ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകൾ തുടങ്ങിയവും നടത്തി വരുന്നു.

ഡെങ്കിപ്പനിയുടെ പുതുക്കിയ ചികിൽസാ മാർഗ്ഗരേഖ എല്ലാ സ്വകാര്യ/സർക്കാർ ഡോക്ടർമാർക്കും ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ആവശ്യമായ മരുന്ന്, അണുബാധ നിയന്ത്രണ സാമഗ്രികൾ, പരിശോധനാ കിറ്റുകൾ, അണുനാശിനികൾ, കീടനാശിനികൾ, ഉപകരണങ്ങൾ തുടങ്ങിയവയുടെ ലഭ്യത ഉറപ്പാക്കി. എല്ലാ ജില്ലകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന പകർച്ചവ്യാധി നിയന്ത്രണ സെൽ രൂപീകരിച്ചു. രോഗം റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ ജില്ലാ പൊതുജനാരോഗ്യ ടീം, സംസ്ഥാന പൊതുജനാരോഗ്യ ടീം, സംസ്ഥാന എന്റമോളജി ടീം, കേന്ദ്ര സംഘം തുടങ്ങിയവർ സന്ദർശിച്ച് നിയന്ത്രണ പ്രവർത്തനങ്ങൾ വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ നൽകി വരുന്നു.

(signature)

സെക്ഷൻ ഓഫീസർ